Unit:2
’നിലാവ് പെയ്യുന്ന നാട്ടുവഴികൾ’

Chapter:3
**’കോഴിയും കിഴവിയും’**

1. ‘അതിന്റെ ജീവൻ പോകുന്നതു കാണുമ്പോൾ കണ്ണു നിറയാത്തത്,കണ്ണിൽക്കൂടി വരേണ്ട വെള്ളം വായിൽ ഊറുന്നതു കൊണ്ടാണ്‘.
ഈ വാക്യം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.
   - സങ്കടം വരുമ്പോഴാണ് കണ്ണ് നിറയുന്നത്.ദു:ഖത്തിന്റെയും വേദനയുടെയും സഹാനുഭൂതിയുടെയും പ്രതീകമാണ് കണ്ണുനീർ. സ്വയം വേദനിക്കുമ്പോൾ മറ്റുള്ളവരുടെ വേദനകാണുമ്പോൾ കണ്ണുകൾ നിറയാറുണ്ട്. എന്നാൽ കൊതിയുടെയും ആർത്തിയുടെയും വിശപ്പിന്റെയും പ്രതീകമാണ് വായിലൂറുന്ന വെള്ളം. കോഴി ഇറച്ചിയുടെ രുചി മനസ്സിലേക്കു വരുന്നതിനാൽ കോഴിയെ കൊല്ലുമ്പോൾ സങ്കടം തോന്നുന്നില്ല.ഇറച്ചിയുടെ രുചി കോഴിയുടെ വേദന കാണാതിരിക്കാൻ പ്രേരിപ്പിക്കുന്നു.കൊതി സഹാനുഭൂതിയെ തടയുന്നു.
   - ശക്തമായ സാമൂഹിക വിമർശനം ഇവിടെ കാണാം.സ്വന്തം അഭിരുചിക്കും താൽപര്യങ്ങൾക്കും പ്രാധാന്യം കൊടുക്കുമ്പോൾ നന്മ മനുഷ്യനിൽ നിന്നും അകലുന്നു എന്ന സത്യം നോവലിസ്റ്റ് ഇതിലൂടെ വ്യക്തമാക്കുന്നു.മനുഷ്യന്റെ സഹാനുഭൂതി,കാരുണ്യം എന്നിവ യഥാർത്ഥമല്ല കപടമാണ് എന്നുള്ള വിമർശനവും ഈ വാക്യത്തിൽ അടങ്ങിയിരിക്കുന്നു.

2. ‘ആ പൂവൻകോഴി ഒരു വിപ്ലവം അഴിച്ചുവിട്ടു‘.
ഈ വാക്യം നൽകുന്ന സൂചന എന്ത്?
   - കോഴിയുടെ മരണം ഒരു വിപ്ലവത്തിനു കാരണമായി എന്നു പറയുമ്പോൾ ചെറിയ സംഭവത്തിന് വലിയമാനം കൈവരുന്നു.കഥാഗതിയിൽ തുടർന്നുണ്ടാകുന്ന മാറ്റത്തെക്കുറിച്ചുള്ള സൂചന വായനക്കാരനു നൽകുന്ന വാക്യമാണിത് .

3. ‘ആ രാത്രി അതു മത്തായിയുടെ തലച്ചോറിനകത്തു ചികയുകയും മാന്തുകയും കൊത്തിപ്പെറുക്കുകയും ചെയ്തു.അടുത്ത പ്രഭാതത്തിൽ അയൽ വീടുകളിൽ കോഴി കൂകിയപ്പോൾ,ചത്തകൊഴി,ദഹിച്ചു പക്വാശയത്തിലെത്തിയ കൊഴി മത്തായിമാർഗേണ കൂകി:നോക്കിക്കോ‘
   - കോഴി സാധാരണ ചികയുന്നതും മാന്തുന്നതും മണ്ണിലാണ്.ഇവിടെ മത്തായിയുടെ തലച്ചോറിൽ കോഴി ചികയുകയും മാന്തുകയും ചെയ്യുന്നു.മാർക്കോസിനെ എങ്ങനെ കുടുക്കാം എന്നുള്ള മത്തായിയുടെ ചിന്തയെയാണ് ഇവിടെ കോഴിയുടെ ചികയലും മാന്തലുമായി വിശേഷിപ്പിച്ചിരിക്കുന്നത്.
   - കോഴിയെ കൊന്നതിന് മാർക്കോസ് അനുഭവിക്കാൻ പോകുന്ന പ്രത്യാഘാതങ്ങളുടെ സൂചനയാണ് ഈ ‘നോക്കിക്കോ‘ എന്ന വാക്യം.’നോക്കിക്കോ’ എന്നതിൽ ഒരു വെല്ലുവിളിയുടെ സൂചനയുണ്ട്.

4. ‘കെട്ടിയോൻ കള്ളപ്പുകല ചുമടിനുപോയി ഇടികൊണ്ടു ചത്തതുകൊണ്ട് അവൾക്കു വന്ന ഭാഗ്യം.അല്ലെങ്കിൽ ഇതൊക്കെ അവൻ ഒരു ദിവസം കൊണ്ടു കുടിച്ചുമൊള്ളിയേനെ.അവളൊട്ടു കച്ചവടം തുടങ്ങുകയുമില്ല’.
വാക്യം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.
   - മാർക്കോസിന്റെ അപ്പൻ നൽകിയ പുരയിടത്തിൽ താമസിച്ചുകൊണ്ട് കച്ചവടം നടത്തിയും മറ്റും കഠിനാധ്വാനം ചെയ്ത് മത്തായിയുടെ അമ്മ ജീവിച്ചു.ജീവിതത്തിലെ കഷ്ടപ്പാടൊക്കെ മാറി.കുടിയനായ ഭർത്താവ് ജീവനോടെ ഉണ്ടായിരുന്നെങ്കിൽ അവരുടെ കഷ്ടപ്പാടുകൾ മാറില്ലായിരുന്നുവെന്നും അയാൾ എല്ലാം നശിപ്പിച്ചേനെ എന്നും ഈ വാക്യം സൂചിപ്പിക്കുന്നു. മദ്യപാനവും കുടുംബനാഥന്റെ കുത്തഴിഞ്ഞ ജീവിതവും കുടുംബങ്ങളെ തകർച്ചയിലേക്ക് നയിക്കുമെന്ന് കഥാകൃത്ത് വ്യക്തമാക്കുന്നു. കുടുംബത്തോടുള്ള ഉത്തരവാദിത്തം നിറവേറ്റാത്ത ഗൃഹനാഥൻമാരെ കാരൂർ ഇതിലൂടെ വിമർശിക്കുന്നു.

5. ’കാറ്റു മാറിവീശി’.
ഈ വാക്യം സൂചിപ്പിക്കുന്നത് എന്ത്?

- കിടക്കാൻ പോലും ഇടമില്ലാതിരുന്ന മത്തായിയുടെ അമ്മയ്ക്ക് പാർക്കാൻ ഇടം നൽകിയത് മാർക്കോസിന്റെ അപ്പനായിരുന്നു.കാലംകഴിയവേ മാർക്കോസിന്റെ കുടുംബത്തിലെ സമ്പത്ത് ക്ഷയിച്ചു.ഇപ്പോൾ പണമുള്ളത് മത്തായിയുടെ കൈയിലാണ്.

6. 'അങ്ങനെ മുകളിൽ നിന്നും കീഴോട്ടൂർന്നിറങ്ങുന്ന മാർക്കോസും താഴെ നിന്നു മേലോട്ടുയരുന്ന മത്തായിയും അയൽക്കാരായിപ്പാർത്തു'.
ഈ പ്രയോഗം സൂചിപ്പിക്കുന്നത് എന്ത്?
   - 'മുകളിൽ നിന്നും കീഴോട്ടൂർന്നിറങ്ങുന്ന മാർക്കോസ്' എന്ന പ്രയോഗം മാർക്കോസിന്റെ ധനസ്ഥിതി മോശമായതിനെയും 'താഴെ നിന്നും മേലോട്ടുയരുന്ന മത്തായി' എന്ന പ്രയോഗം മത്തായി സമ്പന്നനായി മാറിയതിനെയും സൂചിപ്പിക്കുന്നു.

7. ''അവരുടെ പിണക്കം പെട്ടെന്ന് ഇണക്കമായി മാറും'
കഥാകൃത്തിന്റെ ഈ പരാമർശം സൂചിപ്പിക്കുന്നത് എന്ത്?
   - കുട്ടികളുടെ പിണക്കങ്ങൾ നീണ്ടുനിൽക്കില്ല.സ്നേഹത്തിന്റെ പ്രതീകമാണ് കുട്ടികൾ. വരാനിരിക്കുന്ന ലോകത്തെക്കുറിച്ചുള്ള പ്രതീക്ഷകൂടിയാണ് കഥാകൃത്ത് ഇതിലൂടെ പങ്കുവെയ്ക്കുന്നത്.

8. 'മകനേ മൂടു മറക്കരുത്'
മത്തായിയുടെ അമ്മയുടെ ഈ വാക്കുകളുടെ പൊരുൾ എന്ത്?
   - 'വന്ന വഴി മറക്കരുത്' എന്നതാണ് വാക്കിന്റെ പൊരുൾ.കഷ്ടപ്പാട് നിറഞ്ഞ സമയത്ത് മത്തായിയുടെ അമ്മയെ സഹായിച്ചത് മാർക്കോസിന്റെ അപ്പനാണ്.കാലം കഴിയവേ മാർക്കോസിന്റെ സമ്പത്ത് ക്ഷയിച്ചു.മത്തായി സമ്പന്നനായി മാറി. മാർക്കോസ് പിടിക്കുന്ന ഭാഗത്തിനു എതിരുപിടിക്കുക എന്നത് മത്തായിയുടെ വ്രതമായി.മാർക്കോസിനെ ദ്രോഹിക്കാൻ കിട്ടുന്ന ഒരവസരവും മത്തായി പാഴാക്കാറില്ല.അതുകൊണ്ടാണ് അമ്മ ഇപ്രകാരം അഭിപ്രായപ്പെട്ടത്.

9. 'ആ വീട്ടുകാരുടെ ഇടയിൽ ഒരഗ്നിപർവതം പൊട്ടാറായി നിൽക്കുകയാണ്'.
ഈ വാക്യം സൂചിപ്പിക്കുന്നത് എന്ത്?
   - അഗ്നിപർവതം പൊട്ടിയാലുള്ള ദുരന്തം വളരെ വലുതാണ്. മത്തായിയുടെയും മാർക്കോസിന്റെയും വീട്ടുകാർക്കിടയിലുള്ള വൈരാഗ്യത്തെ അഗ്നിപർവതത്തിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു.മനുഷ്യന്റെ ഉള്ളിലുള്ള വൈരാഗ്യം അഗ്നിപർവതംപോലെ അപകടകരമാണ് എന്നുള്ള സൂചന ഈ വാക്കുകളിലുണ്ട്.

10. കോഴിയും കിഴവിയും എന്ന കഥ നൽകുന്ന സന്ദേശം എന്ത്?
   - മനുഷ്യന്റെ അത്യാഗ്രഹമാണ് ഈ കഥ ചർച്ച ചെയ്യുന്നത്.ഒരു കോഴിയെ കൊന്നതിന്റെ പേരിൽ മാർക്കോസ് അനുഭവിക്കേണ്ടിവന്ന ദുരന്തം വളരെ വലുതായിരുന്നു. അത്യാഗ്രഹം മനുഷ്യ ബന്ധങ്ങളിൽ വിള്ളൽ വീഴ്ത്തുന്നതെങ്ങനെ എന്ന് കഥ കാണിച്ചു തരുന്നു.മാർക്കോസിന്റെ വസ്തുവകകൾ സ്വന്തമാക്കണമെന്ന മത്തായിയുടെ ആർത്തിയാണ് എല്ലാ പ്രശ്നങ്ങൾക്കും കാരണം.മാർക്കോസിനെതിരെ പ്രവർത്തിക്കാൻ മത്തായിയെ പ്രേരിപ്പിച്ചത് അയാളുടെ ഉള്ളിലുള്ള അത്യാഗ്രഹമാണ്.അത്യാഗ്രഹം മനസ്സിനെ കീഴ്പ്പെടുത്തുമ്പോൾ വിവേകം ഇല്ലാതാകുന്നു.മുതിർന്ന തലമുറ ഈ അവിവേകങ്ങളെ തിരുത്തുന്നു.അവസാന വിജയം നന്മയുടേതാണ് എന്ന സന്ദേശം കഥ പകർന്നു നൽകുന്നു.

11. 'കോഴിയും കിഴവിയും' എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.
   - സമ്പത്തും മൂല്യങ്ങളും തമ്മിലുള്ള സംഘർഷം കഥയിൽ കാണാം. കോഴി സമ്പത്തിന്റെയും കിഴവി മൂല്യങ്ങളുടെയും പ്രതീകമാകുന്നു.സമ്പത്തിന്റെ കരുത്തിൽ മൂല്യങ്ങളെ കൈവിടുന്ന മത്തായി പഴയതെല്ലാം എളുപ്പത്തിൽ മറക്കുന്നു. ബന്ധങ്ങളെയും മൂല്യങ്ങളെയും കൈവിടാത്ത മത്തായിയുടെ അമ്മ മത്തായിയെയും മാർക്കോസിനെയും ഒരുപോലെ സ്നേഹിക്കുന്നു.

12. ഉടനീളം പ്രകടമാകുന്ന ആക്ഷേപഹാസ്യമാണ് 'കോഴിയും കിഴവിയും' എന്ന കഥയെ ആസ്വാദ്യമാക്കുന്നത്.
കഥയിൽ നിന്നും തെളിവുകൾ കണ്ടെത്തി കുറിപ്പ് തയാറാക്കുക.

- നൻമകളാൽ സമൃദ്ധമായ നാട്ടിൻപുറമാണ് കാരൂർ കഥകളുടെ തട്ടകം.'കോഴിയും കിഴവിയും' എന്ന കഥയിൽ നാട്ടിൻപുറത്തെ രണ്ടു കുടുംബങ്ങൾ തമ്മിലുള്ള സ്നേഹവും വിദ്വേഷവും നർമ്മത്തിൽ പൊതിഞ്ഞ് അവതരിപ്പിച്ചിരിക്കുന്നു. 'കോഴിയും കിഴവിയും' എന്ന ശീർഷകം തന്നെ ചിരിയുണർത്തുന്നതാണെങ്കിലും കഥയിൽ 'കോഴി' സമ്പത്തിന്റെയും 'കിഴവി' മൂല്യങ്ങളുടെയും പ്രതീകമായി മാറുന്നു. ''അതിന്റെ ജീവൻ പോകുന്നതു കാണുമ്പോൾ കണ്ണു നിറയാത്തത്,കണ്ണിൽക്കൂടി വരേണ്ട വെള്ളം വായിൽ ഊറുന്നതു കൊണ്ടാണ്'എന്ന വാക്യം വായിക്കുമ്പോൾ കോഴി മരിക്കുന്ന സങ്കടത്തെ മറികടന്ന് വായനക്കാരന്റെ ഉള്ളിൽ ചിരി വിടരുന്നു. ഇത്തരം നർമ്മപ്രയോഗങ്ങൾ വായനക്കാരനെ കഥയോടു ചേർത്തുനിർത്തുന്നു.മനുഷ്യന്റെ സഹാനുഭൂതി,കാരുണ്യം എന്നിവ യഥാർത്ഥമല്ല കപടമാണ് എന്ന വിമർശനം ഇവിടെ കാണാം.
- 'ആ രാത്രി അതു മത്തായിയുടെ തലച്ചോറിനകത്തു ചികയുകയും മാന്തുകയും കൊത്തിപ്പെറുക്കുകയും ചെയ്തു'എന്ന വാക്കുകൾ അന്യരെ ദ്രോഹിക്കാനായി ഗൂഢാലോചന നടത്തുന്നവരെ പരിഹസിക്കുന്നതാണ്.
- 'കെട്ടിയോൻ കള്ളപ്പുകല ചുമടിനുപോയി ഇടികൊണ്ടു ചത്തതുകൊണ്ട് അവൾക്കു വന്ന ഭാഗ്യം.അല്ലെങ്കിൽ ഇതൊക്കെ അവൻ ഒരു ദിവസം കൊണ്ടു കുടിച്ചുമൊള്ളിയേനെ.അവളൊട്ടു കച്ചവടം തുടങ്ങുകയുമില്ല'എന്ന വാക്യത്തിൽ മദ്യപിച്ച് കുടുംബത്തോടുള്ള ഉത്തരവാദിത്തം നിറവേറ്റാതെ നടക്കുന്നവരോടുള്ള പരിഹാസം കാണാം.
- 'ഇന്നലെ ഇവിടെ ഈ കൊച്ചുങ്ങളെപ്പോലും അറിയിക്കാതെ മാപ്പിളേം പെമ്പിളേം കൂടി കോഴിയെ വേവിച്ചു തിന്നേച്ച് അവന്റെ പേരിൽ കേസും'.എന്ന മാർക്കോസിനെ അറസ്റ്റു ചെയ്തപ്പൊഴുള്ള മത്തായിയുടെ അമ്മയുടെ വാക്കുകൾ ചിരിക്കാൻ വക നൽകുമെങ്കിലും നമ്മുടെ നീതിനായ വ്യവസ്ഥയുടെ പോരായ്മ തുറന്നുകാട്ടുന്നവയാണ്.
- ഇത്തരത്തിൽ കഥയുടെ തുടക്കം മുതൽ ഒടുക്കംവരെ നിറഞ്ഞുനിൽക്കുന്ന ആക്ഷേപഹാസ്യം കഥയെ ആസ്വാദ്യമാക്കുകയും വായനക്കാരനെ ചിരിക്കൊപ്പം ചിന്തിപ്പിക്കുകയും ചെയ്യുന്നു.

**കഥാപാത്രങ്ങൾസവിശേഷകൾ**

**മാർക്കോസ്**

- സമൃദ്ധിയിൽ നിന്നും ദാരിദ്ര്യത്തിലേക്ക്.
- തറവാടിത്തത്തിൽ അഭിമാനം.
- അയൽപക്ക സൗഹൃദമില്ല.
- മത്തായിയെ ശത്രുവായി കരുതുന്നെങ്കിലും മത്തായിയുടെ അമ്മയോട് സ്നേഹം.
- വഴക്കും വൈരവും അടുത്ത തലമുറയിലേക്ക് പടരുന്നത് തടയുന്നില്ല.

**മത്തായി**

- നന്ദിയും കടപ്പാടുമില്ലാത്ത സ്വഭാവം.
- മാതാവിനോടുപോലും കാലുഷ്യം.
- മാർക്കോസിന്റെ കുടുംബത്തെ നിരന്തരം ദ്രോഹിക്കുന്നു.
- അവരെ നാട്ടിൽനിന്നോടിക്കാൻ ശ്രമിക്കുന്നു.
- കള്ളക്കേസ് ഉണ്ടാക്കി മാർക്കോസിനെ ജയിലിലാക്കാൻ ഗൂഢാലോചന നടത്തുന്നു.

**മത്തായിയുടെ അമ്മ**

- ഗ്രാമീണതയുടെ പ്രതീകം.
- ജീവിതം ഒരു പോരാട്ടമായിരുന്നു.
- പട്ടിണിയോട് പൊരുതി ജീവിതവിജയം നേടി.
- അഭയം നൽകിയ കുടുംബത്തിനോട് നന്ദിയും കടപ്പാടും കരുതലും.
- മകന്റെ വഴിവിട്ടപെരുമാറ്റത്തിൽ ദു:ഖം.
- മകനൊരുക്കിയ ചതിയിൽ നിന്നും മാർക്കോസിനെ രക്ഷിക്കുന്നു.

- മകന്റെ നന്ദികേടിനെ വിമർശിക്കുന്നു.

*Prepared by*

Asha.V.T
GHSS, Anchal.East
Kollam